പാനൂർ പോലീസ് സ്റ്റേഷൻ: 7½ സെൻറും 5¾ സെന്റും വീതം ചുറ്റളവിൽ ഓരോ കെട്ടിടം.

പാനൂർ സർക്കിൾ ഓഫീസ്: 2½ സെൻറും 3½ സെന്റും വീതം ചുറ്റളവിൽ ഓരോ കെട്ടിടം.

പാനൂർ പോലീസ് ക്വാർട്ടേഴ്സ്: 3½ സെന്റ് വീതം ചുറ്റളവിൽ രണ്ടു കെട്ടിടങ്ങൾ, 4½ സെന്റ് ചുറ്റളവിൽ ഒരു കെട്ടിടം, ഒരു സെന്റ് ചുറ്റളവിൽ ഒരു കെട്ടിടം, 1.8 സെന്റ് വീതം ചുറ്റളവിൽ 7 കെട്ടിടങ്ങൾ.

ആലുവ സെന്റ് മേരീസ് പള്ളിയിലെ ലാത്തിച്ചാർജ്

42 [2472] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
,, *ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂലായ് മാസത്തിൽ നാളിതുവരെ പോലീസ് ഏതെല്ലാം സ്ഥലങ്ങളിൽ ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് എന്നിവ പ്രയോഗിച്ചിട്ടുണ്ട്;

(സി) ഗ്രനേഡ് ഏറ്റ് എത്ര സമരക്കാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(ഡി) ആലുവ സെന്റ് മേരീസ് പള്ളിക്കകത്തു കയറിയ പോലീസ് വൈദികരേയും കന്യാസ്ത്രീകൾ അടക്കമുള്ള വിശ്വാസികളെയും മർദ്ദിച്ചിട്ടുണ്ടോ;

(ഇ) ആലുവ സെന്റ് മേരീസ് പള്ളിയിലെ ലാത്തിച്ചാർജ്ജിൽ വൈദികരുൾപ്പെടെ എത്ര പേർക്ക് പരിക്ക് പറ്റി; അവർ ആരെല്ലാം;

(എഫ്) ഇവരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) പള്ളിയിൽ നിന്നും അറസ്റ്റ് ചെയ്ത ആളുകളെ പോലീസ് ക്യാമ്പിൽ മർദ്ദിച്ചതായി ആരിൽനിന്നെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) ജൂലൈ മാസത്തിൽ നടന്ന ഈ സംഭവം ഉൾപ്പെടെ ഏതെങ്കിലും പ്രശ്നങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ;

(ഐ) ഏതെങ്കിലും സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005 ജൂലൈ മാസത്തിൽ നാളിതുവരെ (20-7-2005 വരെ) പോലീസ് താഴെപറയുന്ന സ്ഥലങ്ങളിൽ ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ട്.

(1) കാക്കനാട് കൗൺസിലിംഗ് സെന്ററിനു സമീപം, തൃക്കാക്കര പോലീസ് സ്റ്റേഷൻ, കൊച്ചി സിറ്റി.

(2) ആലുവ യു. സി. കോളേജിനു സമീപത്തുള്ള സെന്റ് മേരീസ് പള്ളി, ആലുവ, എറണാകുളം റൂറൽ.

(3) കോഴിക്കോട് ഐ. എം. ജി.-ക്കു മുൻവശം, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി.

(ബി) താഴെ പറയുന്ന സ്ഥലങ്ങളിൽ ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് എന്നിവ പ്രയോഗിച്ചിട്ടുണ്ട്:

ജലപീരങ്കി: (1) ചാവടിമുക്ക്, തിരുവനന്തപുരം സിറ്റി.

(2) കൗൺസിലിംഗ് സെന്ററിനുസമീപം, കാക്കനാട്, കൊച്ചി സിറ്റി.

(3) കോഴിക്കോട് ഐ.എം.ജി.-ക്കു മുൻവശം, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി.

ടിയർ സ്മോക്ക് ഗ്രനേഡ്: (1) കാക്കനാട് കൗൺസിലിംഗ് സെന്ററിനു സമീപം, കൊച്ചി സിറ്റി.

(2) ഐ.എം.ജി.-ക്കു മുൻവശം, കോഴിക്കോട്.

(3) കോഴിക്കോട് ഏലത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽവച്ച്.

(4) കണ്ണൂർ കളക്ടറേറ്റ് പരിസരം.

ടിയർ ഗ്യാസ് ഷെൽ: (1) ചാവടിമുക്ക്/മൺവിള/വി.ജെ.റ്റി./ഏ.കെ.ജി. സെന്ററിനു സമീപം/ഓൾഡ്വാർ മെമ്മോറിയൽ, തിരുവനന്തപുരം സിറ്റി.

(2) കാക്കനാട് കൗൺസിലിംഗ് സെന്ററിനു സമീപം, കൊച്ചി സിറ്റി.

(3) ഐ.എം.ജി.-ക്കു മുൻവശം, കോഴിക്കോട്/കോഴിക്കോട് പോലീസ് കമ്മീഷണർ ഓഫീസിനു മുൻവശം, കോഴിക്കോട് കസബപോലീസ് സ്റ്റേഷൻ പരിധിയിൽവച്ച്.

(4) കണ്ണൂർ കളക്ടറേറ്റ് പരിസരം.

(5) കല്ലമ്പലം നൈനാൻകോണം, തിരുവനന്തപുരം

(സി) ടിയർ സ്മോക്ക് ഗ്രനേഡ് ഏറ്റ് മൂന്ന് സമരക്കാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആലുവ സെന്റ് മേരീസ് പള്ളിയുമായിബന്ധപ്പെട്ട് നടന്ന ലാത്തിച്ചാർജ്ജിൽ ചിലർക്ക് പരിക്കേറ്റു എന്ന് അറിവായെങ്കിലും, പ്രസ്തുത ആളുകളെ കുറിച്ച് ആശുപത്രികളിലും മറ്റും അന്വേഷിച്ചതിൽ യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതുമാണ്.

(എഫ്) പോലീസ് ക്യാമ്പിൽ വച്ച് മർദ്ദിച്ചു എന്ന പരാതിയെക്കുറിച്ചന്വേഷിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പരാതി ലഭിച്ചിട്ടുണ്ട്.

(ഐ) ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം സർക്കാർ തീരുമാനിച്ചിട്ടില്ല.

ക്രൈം നമ്പർ 155/01 കേസന്വേഷണം ത്വരിതപ്പെടുത്താൻ നടപടി

43 [2473] *ശ്രീ. കെ. സുധാകരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ 13-7-2004-ലെ എൽഎ. 1/36133/04/ടി.സി. ഉത്തരവ് പ്രകാരം തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 155/01, കേസ് പുനർ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് താമസം നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്; അദ്ദേഹം എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) അടിയന്തിരമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുവാൻ അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുമോ;

(എഫ്) അന്വേഷണം വച്ചുതാമസിപ്പിക്കുന്ന ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

(ബി) പുനരന്വേഷണം നടന്നുവരവേ ബഹു. കേരള ഹൈക്കോടതി [Cr. MA-1116/05 (Crl. MC-416/05)] ടി അന്വേഷണം സ്റ്റേ ചെയ്ത് 28-1-2005-ന് ഉത്തരവുണ്ടായതിനാൽ ടി കേസിന്റെ അന്വേഷണം നിർത്തിവച്ചിട്ടുള്ളതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly